## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7169 — 11/07/2014 ൽ മറുപടിയ്ക്ക്

## കോടതിവിധി നടപ്പാക്കിക്കിട്ടുന്നതിനായി ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1500/12/എം/റവന്യൂ നമ്പരായി 21.2.2012-ൽ ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി വിധി അനുസരിച്ച് സിവിൽ നടപടിക്രമ പ്രകാരം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) നെയ്യാറ്റിൻകര വില്ലേജിൽ ഇരുമ്പിൽ ദേശത്ത് താമരപ്പള്ളിവിള പുത്തൻവീട്ടിൽ ഗോപാലൻനാടാരുടെ വസ്തു സംബന്ധമായ കേസിൽ ബഹു. മുൻസിഫ് കോടതിയുടെ ഒ.എസ്.696/65-ാം നമ്പർ വിധിപ്രകാരം 4¼ സെന്റ് പുരയിടത്തിന് ഗോപാലൻ നാടാർക്ക് കൈവശാവകാശം സിദ്ധിച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത വിധിക്കെതിരെ എതിർകക്ഷി യോഹന്നാൻ നാടാർ വിവിധ കോടതികളിൽ (സബ് കോടതി, ജില്ലാ കോടതി, ഹൈക്കോടതി) നൽകിയ അപ്പീൽ തള്ളി, യോഹന്നാൻനാടാർക്ക് മുൻ സർവ്വെ 39/26 ൽ 26 ½ - സെന്റ് നിലത്തിന് മാത്രമേ അവകാശമുള്ളുവെന്ന വിധി പ്രസ്താവിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ എസ്എ-695/90 നമ്പർ ഉത്തരവിൽ ടി വസ്തുവിന്റെ നിയമാനുസൃത സർവ്വേ റിക്കാർഡുകളും സർവ്വേക്കല്ലുകളും, സർവ്വേ അതിർത്തിയും പരിശോധിച്ച് സർവ്വേ നമ്പർ 39, 41 എന്നിവയുടെ പൊതു അതിർത്തി സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർ, തഹസീൽദാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം സ്വീകരിച്ച നടപടിയിൽ ശ്രീ. ഗോപാലൻ നാടാർ എതിർപ്പ് പ്രകടിപ്പിച്ചതിനാൽ ഉഭയ കക്ഷി സമ്മത പ്രകാരം തർക്കം പരിഹരിക്കുന്നതിന് ശ്രമിച്ചുവെങ്കിലും ആയതും പരാജയപ്പെട്ട സാഹചര്യത്തിലാണ് സിവിൽ നടപടി |

| | |
|---|---|
| | ക്രമപ്രകാരം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളത്. |
| (ഡി) പ്രസ്തുത വസ്തു സംബന്ധമായി താലൂക്ക് സർവേയർ ജില്ലാ ഹെഡ് സർവേയർ എന്നിവർ തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് കോടതി വിധിക്കനുസരിച്ചാണോ തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) കോടതിവിധിക്കനുസൃതമായാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. |
| (എഫ്) പ്രസ്തുത റിപ്പോർട്ട് കോടതിവിധി പ്രകാരമല്ലെങ്കിൽ അത്തരം റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതിന്റെ കാരണം വിശദമാക്കുമോ; | (എഫ്) ബാധകമല്ല. |
| (ജി) സർവേയർമാർ തയാറാക്കിയ തെറ്റായ റിപ്പോർട്ടുകൾ അസ്ഥിരപ്പെടുത്തുന്നതിനും കോടതിവിധി അനുസരിച്ച് ഗോപാലൻനാടാർക്ക് അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ജി) സർവെയർമാർ തെറ്റായ രീതിയിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഗോപാലൻ നാടാർക്ക് അവകാശപ്പെട്ട ഭൂമി ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (എച്ച്) കോടതിവിധിക്ക് വിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എച്ച്) കോടതി വിധിയ്ക്ക് വിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| (ഐ) 2012 നവംബർ 8-ാം തീയതി കെ6/38314/12, ജി2/4566/12 എന്നീ നമ്പരുകളായി നെയ്യാറ്റിൻകര താലൂക്കിൽ നൽകിയ ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള അപേക്ഷയിന്മേൽ പ്രസ്തുത കോടതിവിധിയുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ഐ) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ